"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ശ്രീ. എം. ഷാജഹാനെ 06.06.2024 മുതൽ ഒരു വർഷത്തേക്ക് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ താത്കാലിക കരാർ അടിസ്ഥാനത്തിൽ കൺസൾട്ടന്റായി നിയമിച്ച സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ നടപടിക്ക് സാധൂകരണം നൽകി, പുനർനിയമന വ്യവസ്ഥയിൽ അസിസ്റ്റന്റ് ആയി 31.03.2026 വരെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്**

സ.ഉ.(കൈ) നം.120/2025/LSGD തീയതി,തിരുവനന്തപുരം, 15-07-2025

---

പരാമർശം:-

1. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ 06.06.2024 തീയതിയിലെ No. A1/11/2024-SEC നമ്പർ നടപടിക്രമം.
2. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ 20/02/2025,24/05/2025-ലെA1/11/2024-SEC നമ്പർ കത്തുകൾ.

**ഉത്തരവ്**

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ അസിസ്റ്റന്റായി ജോലി ചെയ്തിരുന്ന ശ്രീ. എം. ഷാജഹാൻ 31.05.2024 -ന് സർവീസിൽ നിന്ന് വിരമിച്ച ശേഷം 06.06.2024 മുതൽ ഒരു വർഷത്തേക്ക് ടിയാന്റെ ശമ്പളവും മറ്റ് സേവന വേതന വ്യവസ്ഥകളും പിന്നീട് നിശ്ചയിക്കുമെന്ന ഉപാധിയിൽ കരാർ അടിസ്ഥാനത്തിൽ കൺസൾട്ടന്റായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ പരാമർശം - 1 പ്രകാരം നിയമിച്ചിരുന്നു.

2) 20.09.2010 മുതൽ ശ്രീ. എം. ഷാജഹാൻ വിരമിക്കുന്നതുവരെ ഏകദേശം പതിനാല് വർഷത്തോളം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്തു എന്നും 2010, 2015, 2020 എന്നീ വർഷങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതുതിരഞ്ഞെടുപ്പ് വിജയകരമായി നടത്തുന്നതിന് ശ്രീ. എം. ഷാജഹാൻ വളരെയധികം സംഭാവനകൾ നൽകിയിട്ടുണ്ടെന്നും ശ്രീ. എം. ഷാജഹാൻ ഡീലിമിറ്റേഷൻ കമ്മീഷനിലും പ്രവർത്തിച്ചിട്ടുണ്ടെന്നും അതിനാൽ 06.06.2024 മുതൽ ഒരു വർഷത്തേക്ക് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ കൺസൾട്ടന്റായി ശ്രീ. എം. ഷാജഹാനെ

നിയമിച്ച കമ്മീഷന്റെ നടപടി സാധൂകരിച്ച്, തൃത്താല ഗ്രാമപഞ്ചായത്ത്, പാലക്കാട് മുൻ പഞ്ചായത്ത് സെക്രട്ടറി (സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ മുൻ അസിസ്റ്റന്റ്_ഓൺ ഡെപ്യൂട്ടേഷൻ) ശ്രീ. എം. ഷാജഹാനെ 06.06.2024 മുതൽ നിലവിലെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണറുടെ കാലാവധി പൂർത്തിയാകുന്നത് വരെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ പുനർനിയമന അടിസ്ഥാനത്തിൽ അസിസ്റ്റന്റായി നിയമനം നൽകി കേരള സർവീസ് ചട്ടങ്ങളിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾ പ്രകാരം പുനർനിയമനം ലഭിച്ച പെൻഷൻകാരുടേതിന് തത്തുല്യമായ ശമ്പളവും അലവൻസുകളും നിശ്ചയിച്ച് നൽകുവാൻ പരാമർശം - 2 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 06.06.2024 മുതൽ ഒരു വർഷത്തേക്ക് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ കൺസൽട്ടന്റായി ശ്രീ. എം. ഷാജഹാനെ നിയമിച്ച കമ്മീഷന്റെ നടപടി സാധൂകരിച്ചും, തൃത്താല ഗ്രാമപഞ്ചായത്ത്, പാലക്കാട് മുൻ പഞ്ചായത്ത് സെക്രട്ടറി (സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ മുൻ അസിസ്റ്റന്റ്_ഓൺ ഡെപ്യൂട്ടേഷൻ) ശ്രീ. എം. ഷാജഹാനെ 06.06.2024 മുതൽ 31.03.2026 വരെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ പുനർനിയമന അടിസ്ഥാനത്തിൽ അസിസ്റ്റന്റായി നിയമനം നൽകിയും കേരള സർവീസ് ചട്ടങ്ങളിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾ പ്രകാരം പുനർനിയമനം ലഭിച്ച പെൻഷൻകാരുടേതിന് തത്തുല്യമായ ശമ്പളവും അലവൻസുകളും നിശ്ചയിച്ച് നൽകിക്കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പുനീത് കുമാർ ഐ എ എസ
അഡീഷണൽ ചീഫ് സെക്രട്ടറി

സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.

ശ്രീ. എം. ഷാജഹാൻ, ലൈല മൻസിൽ, നഗരൂർ, ആൽത്തറമൂട് പി.ഒ, തിരുവനന്തപുരം, 695102.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

പൊതുഭരണ (എസ്.സി) വകുപ്പ്((ഇ.എം.2/93/2024/ത.സ്വ.ഭ.വ. തിയ്യതി: 10-07-2025)

ധനകാര്യ വകുപ്പ് (UO No. ധെവ-4/186/2024-ധന(ഇ:2875985) തീയതി: 24-05-2025)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി. (ഇ.എം.2/93/2024/ത.സ്വ.ഭ.വ).

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
Date: 16-07-2025 11:17:31

സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു. മുഖ്യമന്ത്രിയുടെ പി.എസ്-ന്.

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്.

ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്.

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ-യ്ക്ക്.

തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്.

40

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 10-07-2025**

ഫയൽ നം. ഇഎം2/93/2024/ത.സ്വ.ഭ.വ. ഇനം നം: 3108

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - ശ്രീ. എം. ഷാജഹാന്റെ കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിലെ നിയമനവും സേവനവേതന വ്യവസ്ഥകളും നിശ്ചയിച്ച് നൽകുന്നത്.

(90) തീരുമാനം : പുനർനിയമനത്തിന്റെ കാലാവധി 31.03.2026 വരെ ദീർഘിപ്പിച്ചു നൽകാമെന്ന ഭേദഗതിയോടെ കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.

DS (Fin)
Pl. up urgently

[signature]
14/7/2025(U)

26/ 3108

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | ഇഎം2/93/2024/ത.സ്വ.ഭ.വ. |
| 2. | വകുപ്പ് | തദ്ദേശ സ്വയം ഭരണ (ഇഎം) വകുപ്പ് |
| 3. | വിഷയം | ശ്രീ. എം. ഷാജഹാന്റെ കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിലെ നിയമനവും സേവനവേതന വ്യവസ്ഥകളും നിശ്ചയിച്ച് നൽകുന്നത് - സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 22.05.2025 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യത ഉള്ളതാണോ ?<br>(ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | അതെ.<br>ഉണ്ട്. ധനകാര്യ (ഡെവ.) വകുപ്പിന്റെ അഭിപ്രായം കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 6. | മറ്റ് ഏതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ-യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | ശ്രീ.മുഹമ്മദ് നജീബ്.റ്റി.എ |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. പുനീത് കുമാർ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 28.06.2025 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ. ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | ~~27.06.2025~~<br>02.07.2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. എം.ബി. രാജേഷ് |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 02.07.2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 04.07.2025 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ നമ്പരും തീയതിയും | |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

(49) ശ്രീ. എം.ഷാജഹാനെ 06.06.2024 മുതൽ ഒരു വർഷത്തേക്ക് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ താത്കാലിക കരാർ അടിസ്ഥാനത്തിൽ കൺസൾട്ടന്റായി നിയമിച്ച സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ നടപടിക്ക് സാധൂകരണം നൽകലും, അദ്ദേഹത്തിന് പുനർനിയമന വ്യവസ്ഥയിൽ അസിസ്റ്റന്റ് ആയി നിയമനം നൽകി കേരള സർവീസ് ചട്ടങ്ങളിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾ പ്രകാരം, പുനർനിയമനം ലഭിച്ച പെൻഷൻകാരുടേതിന് തത്തുല്യമായ ശമ്പളവും അലവൻസുകളും നിശ്ചയിക്കുന്നതും - സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ അസിസ്റ്റന്റായി ജോലി ചെയ്തിരുന്ന ശ്രീ. എം.ഷാജഹാൻ 31.05.2024 -ന് സർവീസിൽ നിന്ന് വിരമിച്ച ശേഷം 06.06.2024 മുതൽ ഒരു വർഷത്തേക്ക് ടിയാന്റെ ശമ്പളവും, മറ്റ സേവന വേതന വ്യവസ്ഥകളും പിന്നീട് നിശ്ചയിക്കുമെന്ന ഉപാധിയിൽ കരാർ അടിസ്ഥാനത്തിൽ കൺസൾട്ടന്റായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ നിയമിക്കുകയും തുടർന്ന് പുനർനിയമന വ്യവസ്ഥയിൽ അസിസ്റ്റന്റായി നിയമനം നൽകി കേരള സർവീസ് ചട്ടങ്ങളുടെ ഭാഗം III, ചട്ടം 100 പ്രകാരം അദ്ദേഹത്തിന്റെ ശമ്പളവും മറ്റ് അലവൻസുകളും പുനർനിയമനം ലഭിച്ച പെൻഷൻകാരുടേതിന് തുല്യമായി നിർണ്ണയിച്ച് ഉത്തരവ് നൽകാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ആവശ്യപ്പെടുകയും ചെയ്തു.

3) 20.09.2010 മുതൽ ടിയാൻ വിരമിക്കുന്നത് വരെ ഏകദേശം പതിനാല് വർഷത്തോളം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്തു എന്നും 2010, 2015, 2020 എന്നീ വർഷങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതുതിരഞ്ഞെടുപ്പ് വിജയകരമായി നടത്തുന്നതിന് ശ്രീ. എം. ഷാജഹാൻ വളരെയധികം സംഭാവനകൾ നൽകിയിട്ടുണ്ടെന്നും തുടക്കത്തിൽ കമ്മീഷനിൽ ക്ലാർക്കായാണ് നിയമനം ലഭിച്ചത് എങ്കിലും ടിയാൻ ഗസറ്റഡ് ഓഫീസർ റാങ്കിലുള്ള

പഞ്ചായത്ത് സെക്രട്ടറിയുടെ കേഡറിൽ ഡെപ്യൂട്ടേഷനിൽ തുടർന്നു എന്നും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങളെക്കുറിച്ച് അദ്ദേഹത്തിന് നല്ല പരിചയമുണ്ട് എന്നും വിരമിക്കുന്നതുവരെ അത്തരം എല്ലാ പ്രവർത്തനങ്ങളിലും അദ്ദേഹം സജീവമായി ഇടപെട്ടിരുന്നു എന്നും 2010 ലും 2015 ലും ശ്രീ. എം.ഷാജഹാൻ ഡീലിമിറ്റേഷൻ കമ്മീഷനിലും പ്രവർത്തിച്ചിട്ടുണ്ട് എന്നും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വരാനിരിക്കുന്ന പൊതുതെരഞ്ഞെടുപ്പിന് മുമ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡുകളുടെ ഡീലിമിറ്റേഷൻ നടത്തേണ്ട കമ്മീഷനിലെ ചെയർമാനാണ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ. പൊതുതെരഞ്ഞെടുപ്പിന് മുമ്പ് പുതുതായി വേർതിരിച്ച വാർഡുകളുടെ വോട്ടർ പട്ടിക തയ്യാറാക്കുന്നതിന് ഡീലിമിറ്റേഷൻ കമ്മീഷന്റെ ജോലികൾ കാലതാമസം കൂടാതെ പൂർത്തിയാക്കേണ്ടതുണ്ട്. നിലവിലുള്ള വോട്ടർ പട്ടികയുടെ സംഗ്രഹ പരിഷ്കരണം, കമ്മീഷൻ ഇതിനകം ആരംഭിച്ചിട്ടുണ്ട്, വാർഡുകളുടെ സംവരണം, തദ്ദേശ സ്ഥാപനങ്ങളുടെ രാഷ്ട്രീയ ഭൂപടത്തിന്റെ ഡിജിറ്റൈസേഷൻ, പോളിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കൽ, കൈപ്പുസ്തകങ്ങൾ തയ്യാറാക്കൽ, പരിശീലന മൊഡ്യൂൾ തയ്യാറാക്കൽ, പൊതുതെരഞ്ഞെടുപ്പിന് മുമ്പുള്ള മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ എന്നിവ കമ്മീഷൻ ഉടൻ ആരംഭിക്കേണ്ടതാണ് എന്നും ഈ പ്രവർത്തനങ്ങളെല്ലാം സങ്കീർണ്ണമായ സ്വഭാവമുള്ളതായതിനാൽ തിരഞ്ഞെടുപ്പ് പ്രക്രിയയിൽ മതിയായ അനുഭവജ്ഞാനം ഉള്ള ഉദ്യോഗസ്ഥന്റെ സാന്നിധ്യം ആവശ്യമാണ് എന്നും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ, കമ്മീഷനിൽ വിന്യസിച്ചിരിക്കുന്ന ഏതാനും ഉദ്യോഗസ്ഥരുടെ സമീപകാല വിരമിക്കൽ കമ്മീഷന്റെ സുഗമമായ പ്രവർത്തനങ്ങളെ ഇതിനകം തന്നെ തളർത്തിയിട്ടുണ്ട് എന്നും അതിനാൽ, വരാനിരിക്കുന്ന പൊതുതെരഞ്ഞെടുപ്പ് സുഗമവും വിജയകരവുമായ രീതിയിൽ പൂർത്തിയാക്കുന്നതിന് ശ്രീ. എം. ഷാജഹാന്റെ കമ്മീഷനിലെ സാന്നിധ്യം 2025 ലെ പൊതുതെരഞ്ഞെടുപ്പ് അവസാനിക്കുന്നതുവരെ കമ്മീഷനിൽ അനിവാര്യമാണ് എന്നും സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങളിലും ഡീലിമിറ്റേഷൻ പ്രവർത്തനങ്ങളിലുമുള്ള അദ്ദേഹത്തിന്റെ പരിചയം കണക്കിലെടുത്ത് ശ്രീ. എം.ഷാജഹാന്റെ നിയമനവുമായി ബന്ധപ്പെട്ട നിർദ്ദേശം ശുപാർശ ചെയ്ത് ധനകാര്യ വകുപ്പിന് അഭിപ്രായത്തിനായി അയച്ചപ്പോൾ, ധനകാര്യ വകുപ്പ് ഇപ്രകാരം അഭിപ്രായപ്പെട്ടു;

As per circular No. 530/SC1/2020/GA(SC) dated 14/10/2020 & Circular No 64/2020/Fin dated 30/10/2020, strict instructions has been issued that appointment on re- employment basis should be made only after getting prior approval of the Council of Ministers, but in this case Shri. M.Shajahan has been appointed as consultant on contract basis Vide order No. A1/11/2024-SEC Dated 06/06/2024. Hence the request of the SEC is declined and the Administrative Department is directed to comply the instructions issued in the GO (P) No 81/2019/fin dated 9/07/2019 for the contract appointment of Sri. Shajahan at first, as there is no post of any consultant in SEC.

5) ധനകാര്യ വകുപ്പിന്റെ മേൽ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശം നിരസിക്കുകയും 07.01.2025-ലെ കത്തിലൂടെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനെ ഈ വിവരം അറിയിക്കുകയും ചെയ്തു. തുടർന്ന്, 06.06.2024 മുതൽ ഒരു വർഷത്തേക്ക് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ കൺസൾട്ടന്റായി ശ്രീ. എം.ഷാജഹാനെ നിയമിച്ച കമ്മീഷന്റെ നടപടി പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ മറ്റൊരു അപേക്ഷ സമർപ്പിച്ചു. തുടർന്ന് മുൻ തൃത്താല ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. എം.ഷാജഹാനെ (സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ മുൻ അസിസ്റ്റന്റ്_ഓൺ ഡെപ്യൂട്ടേഷൻ) 06.06.2024 മുതൽ ഒരു വർഷത്തേക്ക് കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ പുനർനിയമന വ്യവസ്ഥയിൽ അസിസ്റ്റന്റായി നിയമിക്കുന്നതിനും കേരള സർവീസ് ചട്ടങ്ങളിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾ പ്രകാരം, പുനർനിയമന പെൻഷൻകാരുടേതിന് തുല്യമായ ശമ്പളവും അലവൻസുകളും നിശ്ചയിക്കുന്നതിനും

അപേക്ഷ സമർപ്പിച്ചു. തുടർന്ന് 06.06.2025 മുതൽ 30.03.2026 വരെ (നിലവിലെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണറുടെ കാലാവധി പൂർത്തിയാകുന്നത് വരെ) ടിയാനെ കൺസൾട്ടന്റായി തുടരാൻ അനുവദിയ്ക്കുകയും ടിയാനെ പുനർനിയമന വ്യവസ്ഥയിൽ അസിസ്റ്റന്റ് തസ്തികയിൽ നിയമിക്കുന്നതിനും കേരള സർവീസ് ചട്ടങ്ങളിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾ പ്രകാരം, പുനർനിയമന പെൻഷൻകാരുടേതിന് തുല്യമായ ശമ്പളവും അലവൻസുകളും നിശ്ചയിക്കുന്നതിനും 24.05.2025 തീയതിയിലെ കത്ത് മുഖാന്തരം സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അപേക്ഷ സമർപ്പിച്ചിരുന്നു.

6) സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, ശ്രീ. എം.ഷാജഹാനെ വിരമിച്ചതിന് ശേഷം കരാർ അടിസ്ഥാനത്തിൽ കരാർ തസ്തിക സൃഷ്ടിക്കാതെ ആണ് കൺസൾട്ടന്റായി നിയമിച്ചത് എന്ന വസ്തുത ശ്രദ്ധയിൽപ്പെടുത്തുന്നു. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ ടിയാന് പുനർനിയമനം നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുന്ന തസ്തികയായ അസിസ്റ്റന്റിന്റെ തസ്തിക നിലവിൽ ഡെപ്യൂട്ടേഷൻ തസ്തികയാണ്, ആയതിനാൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ പ്രസ്തുത നടപടി അംഗീകരിക്കുവാനും, കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തിയ തീയതി മുതൽ ശ്രീ. എം.ഷാജഹാന്റെ നിയമനം അസിസ്റ്റന്റ് തസ്തികയിൽ പുനർനിയമനമാക്കി മാറ്റാനുമാണ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ആവശ്യപ്പെട്ടിരിക്കുന്നത്. സർക്കാർ പുനർനിയമന വിഷയങ്ങൾ പരിഗണിക്കുമ്പോൾ ഓരോ കേസിന്റെയും അടിസ്ഥാനത്തിൽ, ആവശ്യാധിഷ്ഠിത വിശകലനത്തിനു ശേഷമാണ് തീരുമാനങ്ങളിലേയ്ക്ക് എത്തിച്ചേരാറുള്ളത്. അസാധാരണ സാഹചര്യങ്ങളിലൊഴികെ കരാർ നിയമനം പുനർനിയമനമാക്കി മാറ്റാൻ സർക്കാർ നിർദ്ദേശിക്കുന്നില്ല. എന്നാൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ ആവർത്തിച്ചുള്ള അഭ്യർത്ഥനകളുടെ അടിസ്ഥാനത്തിലും ആവശ്യകതയും സാഹചര്യവും വിശദീകരിച്ച സാഹചര്യത്തിലും ധനകാര്യ വകുപ്പിൽ നിന്നുള്ള നിർദ്ദേശവും സമ്മതവും സ്വീകരിച്ച് കരാർ ശമ്പളത്തിന്റെ പ്രസക്തമായ വിഭാഗത്തിൽ ഉൾപ്പെടുത്തി ഒരു വർഷത്തേക്ക് താൽക്കാലിക കരാർ തസ്തിക സൃഷ്ടിക്കുന്നതിനുള്ള ഉത്തരവുകൾക്കായി ഫയൽ സമർപ്പിച്ചപ്പോൾ ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി താഴെപ്പറയുന്ന അഭിപ്രായം രേഖപ്പെടുത്തി.

"തെരഞ്ഞെടുപ്പ് കമ്മീഷന്റെ ആവശ്യം എന്നത് പരിഗണിച്ച് ഒരു പ്രത്യേക കേസായി പരിഗണിക്കാവുന്നതാണ്. ബഹു.ധനകാര്യ വകുപ്പ് മന്ത്രി കണ്ട് ബഹു.മുഖ്യമന്ത്രിക്ക് സമർപ്പിച്ചാലും".

7) തുടർന്ന്, ധനകാര്യ വകുപ്പ് ഇപ്രകാരം അഭിപ്രായം രേഖപ്പെടുത്തി.

"മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ഭരണവകപ്പിനോട് അഭ്യർത്ഥിക്കുന്നു. ഇതിന് ബഹു. മുഖ്യമന്ത്രിയുടെയും ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെയും അംഗീകാരമുണ്ട്."

8) ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ഉത്തരവിട്ടു.

## തീരുമാനമെടുക്കേണ്ട വിഷയം

06.06.2024 മുതൽ ഒരു വർഷത്തേക്ക് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ കൺസൾട്ടന്റായി ശ്രീ. എം.ഷാജഹാനെ നിയമിച്ച കമ്മീഷന്റെ നടപടി സാധൂകരിച്ചു തൂത്താല ഗ്രാമപഞ്ചായത്ത്, പാലക്കാട് മുൻ പഞ്ചായത്ത് സെക്രട്ടറി (സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ മുൻ അസിസ്റ്റന്റ്_ഓൺ ഡെപ്യൂട്ടേഷൻ) ശ്രീ. എം.ഷാജഹാനെ 06.06.2024 മുതൽ ഒരു വർഷത്തേക്ക് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ പുനർനിയമന അടിസ്ഥാനത്തിൽ അസിസ്റ്റന്റായി നിയമനം നൽകി കേരള സർവീസ് ചട്ടങ്ങളിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾ പ്രകാരം പുനർനിയമനം ലഭിച്ച പെൻഷൻകാരുടേതിന് തത്തുല്യമായ ശമ്പളവും അലവൻസുകളും നിശ്ചയിച്ച് നൽകാവുന്നതാണോ.